# പതിന്നാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം *100 — 03/12/2018 ൽ മറുപടിക്ക്

## റീസർവ്വേ നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.വി. വിജയദാസ്<br>,, ബി.ഡി. ദേവസ്സി<br>,, ഒ.ആർ. കേളു<br>,, എസ്സ്. രാജേന്ദ്രൻ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) റീസർവേ പൂർത്തിയാകാത്തതിനാൽ ഭൂമി സംബന്ധമായ തർക്കം വ്യാപകമായുള്ളത് കണക്കിലെടുത്ത് റീസർവേ സമയബന്ധിതമായി പൂർത്തിയാക്കാൻ നടത്തുന്ന പ്രവർത്തനത്തിന്റെ പുരോഗതി അറിയിക്കാമോ; | (എ) സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 903 വില്ലേജുകളുടെ റീസർവെ പ്രവർത്തനങ്ങൾ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുള്ളതാണ്. ശേഷിക്കുന്ന വില്ലേജുകളുടെ റീസർവെ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് കേന്ദ്ര/സംസ്ഥാന സർക്കാർ അംഗീകരിച്ചിട്ടുള്ള ഏജൻസികൾ മുഖേന നിർവ്വഹിക്കുന്നതിനുള്ള അനുവാദം നൽകി 10/05/2018 ലെ സ.ഉ (എം.എസ്സ്) 181/2018/റവന്യൂ പ്രകാരം ഉത്തരവായിട്ടുണ്ട്. കൂടാതെ 25/06/2018 ലെ സ.ഉ (എം.എസ്) 236/2018/റവന്യൂ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഭൂരേഖാപരിപാലനത്തിനുള്ള തന്ത്രങ്ങൾ ആവിഷ്കരിക്കുക, പോക്കുവരവിന്റെ എല്ലാ നടപടികളും ഓൺലൈൻ സംവിധാനവുമായി സംയോജിപ്പിക്കുക, ഭൂരേഖാ പരിപാലനത്തിനായി ഇൻഫർമേഷൻ ടെക്നോളജിയിലധിഷ്ഠിതമായ ചട്ടക്കൂട്ടുകൾ അന്തിമമായി നിർണ്ണയിക്കുക, കഡാസ്ട്രൽ സർവെ ആധുനീകരിക്കുക, സർവെ ഡിജിറ്റൈസേഷൻ നടപടികൾ ഏകോപിപ്പിക്കുക എന്നീ ഉദ്ദേശ്യലക്ഷ്യങ്ങൾ മുൻനിറുത്തി പ്രവർത്തിക്കുന്നതിനും DILRMP മാർഗ്ഗരേഖകൾ ക്കനുസൃതമായി പ്രോജക്ട് മാനേജമെന്റായി (PMU) പ്രവർത്തിച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും കേരള ലാൻഡ് റിക്കാർഡ്സ് മോഡണൈസേഷൻ മിഷൻ (KLRMM) രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. ടി ഉത്തരവ് പ്രകാരമുള്ള നടപടികൾ പ്രാരംഭഘട്ടത്തിലാണ്. |
| (ബി) ഇതിനായി ഉപയോഗിക്കുന്ന സാങ്കേതിക വിദ്യകൾ ഏതെന്നും റീസർവേ നടത്തുന്ന ഏജൻസി ഏതെന്നും അറിയിക്കാമോ; | (ബി) ആധുനിക സർവെ ഉപകരണങ്ങളായ ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം (GPS), ഇലക്ട്രോണിക് ടോട്ടൽ സ്റ്റേഷൻ (ETS) എന്നിവ ഉപയോഗിച്ച് WGS 84 കോർഡിനേറ്റ് സിസ്റ്റത്തിൽ സർവെ ചെയ്ത് വളരെ |

കൃത്യമായ റിക്കാർഡുകൾ തയ്യാറാക്കി വരുന്നു. സർവ്വെ വകുപ്പിലെ ജീവനക്കാരെ നിയോഗിച്ചാണ് നിലവിൽ റീസർവെ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നത്. ഇതിനായി ഏജൻസികളെ നാളിതുവരെ നിയോഗിച്ചിട്ടില്ലാത്തതാണ്.

(സി) ഇതുവരെ റീസർവ്വെ പൂർത്തിയായ വില്ലേജുകൾ എത്ര എന്നും അവയിൽ ഡിജിറ്റൽ ഇൻഡ്യ ലാന്റ് റിക്കോർഡ്സ് മോഡണൈസേഷൻ പ്രോഗ്രാമനുസരിച്ച് ഭൂരേഖകൾ ഡിജിറ്റലാക്കി സൂക്ഷിക്കുന്നത് എത്ര വില്ലേജുകളിൽ എന്നും അറിയിക്കാമോ?

(സി) സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 903 വില്ലേജുകളിലെ റീസർവെ പൂർത്തിയാക്കി റിക്കോർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. റവന്യൂ റിക്കോർഡുകളിൽ ടെക്സ്ചൽ ഡാറ്റായുടെ (Textual Data) ഡിജിറ്റൈസേഷൻ പ്രവർത്തനങ്ങൾ റവന്യൂ വകുപ്പ് മുഖാന്തിരവും സ്പാഷ്യൽ ഡാറ്റയുടെ (Spatilal Data) ഡിജിറ്റൈസേഷൻ സർവ്വേ വകുപ്പ് മുഖാന്തിരവുമാണ് നടത്തുന്നത്. ഡിജിറ്റൽ ഇന്ത്യ ലാന്റ് റിക്കോർഡ്സ് മോഡണൈസേഷൻ പ്രോഗ്രാമനുസരിച്ച് സർവ്വെ വകുപ്പ് മുഖേന സ്പാഷ്യൽ ഡാറ്റ (Spatial Data) യുടെ ഡിജിറ്റൈസേഷൻ പൂർത്തിയാക്കിയ വില്ലേജുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| ക്രമ നം | റെക്കോർഡുകളുടെ ഇനം | സ്കാനിംഗ് പൂർത്തിയായ വില്ലേജുകൾ |
|---|---|---|
| 1 | എഫ് എം ബി | 802 |
| 2 | ബ്ലോക്ക് മാപ്പുകൾ | 558 |
| 3 | ലാൻഡ് രജിസ്റ്റർ | 103 |
| 4 | ബി ടി ആർ | 114 |
| 5 | ഏരിയ രജിസ്റ്റർ | 184 |
| 6 | സപ്ലിമെൻററി എഫ് എം ബി | 272 |

കൂടാതെ റവന്യൂ വകുപ്പ് മുഖേന സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 1615 വില്ലേജുകളിലെ അടിസ്ഥാന ഭൂനികുതി രജിസ്റ്ററുകൾ ഡാറ്റാ എൻട്രി നടത്തി ഡിജിറ്റലൈസ് ചെയ്ത് ഓൺലൈൻ പോക്കുവരവ്, ഓൺലൈൻ ഭൂനികുതി സ്വീകരിക്കൽ എന്നീ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

സെക്ഷൻ ഓഫീസർ